"ഭരണഭാഷ – മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

ദേശീയ പെൻഷൻ പദ്ധതി – എൻ. പി. എസ് കുടിശ്ശിക – സംസ്ഥാന സർക്കാർ ജീവനക്കാർ/ AIS ജീവനക്കാർ – ഈടാക്കുന്നതിനുള്ള കാലാവധി പരമാവധി 15 തവണയായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (പെൻഷൻ – എ) വകുപ്പ്**

**സ.ഉ.(അ)നം.59/2025/ധന.** **തിരുവനന്തപുരം, തീയതി, 28.04.2025.**

================================================================

**പരാമർശം :–** 1. 19.12.2013 –ലെ സ.ഉ(പി)നം. 622/2013/ധന ഉത്തരവ്.

2. 14.01.2015 –ലെ സ.ഉ(പി)നം.25/2015/ധന. ഉത്തരവ്.
3. 30.09.2019 –ലെ സ.ഉ(പി)നം.133/2019/ധന. ഉത്തരവ്.
4. 23.11.2021 –ലെ 111/2021/ധന. നമ്പർ സർക്കുലർ.
5. 26.10.2022 –ലെ 89/2022/ധന. നമ്പർ സർക്കുലർ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013 –നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായ ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ, അവർ സർവ്വീസിൽ പ്രവേശിച്ച് 30 ദിവസത്തിനകം പൂർത്തീകരിക്കേണ്ടത് അതാത് ഡി.ഡി.ഒ –മാരുടെ ചുമതലയാണ്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ പ്രവേശന തീയതി മുതൽ 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഡി.ഡി.ഒ പ്രാൺ രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ പ്രാൺ ജനറേഷൻ മോഡ്യൂൾ (OPGM) വഴി ആരംഭിക്കേണ്ടതും 30 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ് എന്ന് പരാമർശം (4) പരിപത്രം പ്രകാരം നിർദേശിച്ചിട്ടുണ്ട്. പരാമർശം (3) ഉത്തരവ് പ്രകാരം 2019 നവംബർ 20 –ന് ശേഷവും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകാത്ത ജീവനക്കാരുടെ ശമ്പളബില്ലുകൾ പാസ്സാക്കേണ്ടതില്ലെന്നും, ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഡി.ഡി.ഒ മാരുടെ പേരിൽ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

പരാമർശം (5) പരിപത്രം പ്രകാരം പ്രാൺ രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച വരുത്തുന്ന ഡി.ഡി.ഒ മാർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2013 മുതൽക്കുള്ള മേൽ നിർദ്ദേശങ്ങളും ഉത്തരവുകളും നിലനിൽക്കെത്തന്നെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികളിൽ ഇപ്പോഴും ഡി.ഡി.ഒ -മാരുടെയും ജീവനക്കാരുടെയും ഭാഗത്ത് നിന്നും കാലവിളംബം ഉണ്ടാകുന്നതിനാൽ എൻ.പി.എസ് തുക കുടിശ്ശിക ആയി അടയ്ക്കേണ്ട സാഹചര്യം സംജാതമാകുന്നു.

2. 31.05.2014 -നോ അതിന് മുൻപോ സംസ്ഥാന സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ എൻ.പി.എസ് കുടിശ്ശിക 15 തവണയായും AIS ഉദ്യോഗസ്ഥർക്ക് 50 തവണകളായും 01.06.2014 -ന് ശേഷം മറ്റ് സർവീസുകളിൽ നിന്നും നിയമനം ലഭിക്കുന്ന ജീവനക്കാരുടെ എത്ര മാസത്തെ കുടിശ്ശികയാണോ നിലനിൽക്കുന്നത് അത്രയും മാസത്തവണകളായും പ്രതിമാസ എൻ.പി.എസ് വിഹിതത്തിനൊപ്പം ശമ്പളത്തിൽ നിന്ന് ഈടാക്കാൻ പരാമർശം (2) ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 01.04.2013 -ന് ശേഷം നിയമനം ലഭിക്കുന്ന എല്ലാ കേസ്സുകൾക്കും പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 6 ബാധകമാക്കുന്നതായി കാണുന്നു. ആയത് ജീവനക്കാരന്റെ എൻ.പി.എസ് -ലെ ആന്വിറ്റിയെ സാരമായി ബാധിക്കുന്നതിനാലും എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ പ്രാൺ ജനറേഷൻ മോഡ്യൂൾ (OPGM) മുഖേന ആക്കിയതിനാലും പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 6 ലെ വ്യവസ്ഥ പുനഃപരിശോധിക്കേണ്ടതായി കാണുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2013 -ന് ശേഷം നിയമനം ലഭിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായ ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ പരാമർശം (1) ഉത്തരവ് പ്രകാരം 30 ദിവസത്തിനകം പൂർത്തീകരിച്ച് പ്രാൺ എടുക്കേണ്ടതാണെന്നും ഏതെങ്കിലും സാഹചര്യത്തിൽ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ വൈകുകയും കുടിശ്ശിക തുക ഈടാക്കേണ്ട സാഹചര്യം സംജാതമാകുകയും ചെയ്താൽ ആയത് പരമാവധി 15 തവണകളായി എൻ.പി.എസ് വിഹിതത്തിനൊപ്പം പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതികളോടെ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക “6” നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റിസ്സി എസ്. നെൽസൺ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി. & എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ ( ഇ.& ആർ.എസ്.എ) കേരളം തിരുവനന്തപുരം
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് മേധാവികൾക്കും.
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
7. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ.
8. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.
9. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ.
10. ഗവർണ്ണറുടെ സെക്രട്ടറി.
11. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
12. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
13. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
14. ധനകാര്യ (എൻ.പി.എസ് – സെൽ) വകുപ്പ്.
15. ധനകാര്യ (ITSF) വകുപ്പ്.
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ–3042237)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**